# സർക്കുലർ

26/NSS/DHSE/2018 19/03/2018

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീം ഈ വിദ്യാഭ്യാസ വർഷം (2017-18) നടത്തിയ സാമൂഹ്യ ഇടപെടലുകൾ അവതരിപ്പിക്കുന്നതിനായി ഏപ്രിൽ 2,3 തീയതികളിൽ തിരുവനന്തപുരത്ത് ഓർത്തഡോക്സ് ക്രിസ്ത്യൻ സ്റ്റുഡൻസ് സെന്ററിൽ ( എ കെ ജി സെന്ററിന് എതിർവശം ) പ്രവർത്തനങ്ങളുടെ വാർഷിക അവലോകനം സംഘടിപ്പിക്കുന്നു. എല്ലാ റീജിണൽ പ്രോഗ്രാം കൺവീനർമാരും ജില്ലാ കൺവീനർമാരും പിഎസി അംഗങ്ങളും കൃത്യമായി പങ്കെടുക്കേണ്ടതാണ്. ഓരോ പിഎസിയും ഒരു ഒന്നാംവർഷ വോളന്റിയർ ലീഡറെ പരിപാടിയിൽ പങ്കെടുപ്പിക്കേണ്ടതാണ്. ഇത്തരത്തിൽ പങ്കെടുക്കുന്ന വോളണ്ടിയർ ലീഡർമാരിൽ ആൺ/പെൺ അനുപാതം 1:1 ആണെന്ന് ജില്ലാകൺവീനർമാർ ഉറപ്പാക്കേണ്ടതാണ്.

ജില്ലാ കൺവീനർമാർ ജില്ലയിലെ സ്കൂളുകളിൽ നടന്ന മികച്ച റഗുലർ ആക്റ്റിവിറ്റി പിഎസി അടിസ്ഥാനത്തിൽ പവർ പോയിന്റ് പ്രസന്റേഷനായി ഒരു മണിക്കൂറിൽ താഴെ അവതരിപ്പിക്കേണ്ടതാണ്. പിഎസി അംഗങ്ങൾ അവരുടെ സ്കൂളുകളുടെ പൂർണമായ പേരുകൾ ടൈപ്പ് ചെയ്ത ലിസ്റ്റിന്റെ രണ്ട് കോപ്പി കൊണ്ടുവരേണ്ടതാണ്. ജില്ലാകൺവീനർമാർ പവർപോയിന്റ് പ്രസന്റേഷനിൽ ജില്ലാതലത്തിൽ നടന്ന പരിപാടികൾ പ്രത്യേകമായി ഉൾപ്പെടുത്തേണ്ടതാണ്. യൂണിറ്റുതലത്തിൽ നടത്തിയ മികച്ച പരിപാടികളുടെ ഫോട്ടോ പ്രദർശനത്തിനുള്ള അവസരവും ഉണ്ടായിരിക്കുന്നതാണ്. അനുവദിക്കപ്പെട്ട സ്ഥലങ്ങളിൽ ജില്ലാതലത്തിൽ ഫോട്ടോകൾ A3 card size ൽ പ്രദർശിപ്പിക്കാവുന്നതാണ്. മികച്ച പ്രദർശനം ഒരുക്കുന്ന ജില്ലയ്ക്ക് സമ്മാനം നൽകുന്നതാണ്.

ഏപ്രിൽ 2ന് രാവിലെ 9.30ന് രജിസ്ട്രേഷൻ ആരംഭിച്ച് 10 മണി മുതൽ ജില്ലാതല പ്രസന്റേഷൻ ആരംഭിക്കുന്നതാണ്. ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി, ഹയർ സെക്കണ്ടറി ഡയറക്ടർ,ജോയിന്റ് ഡയറക്ടർമാർ , എൻഎസ്എസ് റീജണൽ ഡയറക്ടർ, സ്റ്റേറ്റ് എൻഎസ്എസ് ഓഫീസർ , ഇറ്റിഐ ട്രെയിനിംഗ് കോഡിനേറ്റർ മറ്റ് പ്രമുഖ വ്യക്തികൾ പങ്കെടുക്കുന്നതാണ്. വാർഷിക അവലോകനത്തിൽ പങ്കെടുക്കുന്ന ആർപിസി, ഡിസി, പിഎസി, വോളന്റിയർ ലീഡർ എന്നിവരുടെ യാത്രാചെലവ് എൻഎസ്എസ് സെല്ലിൽ നിന്നും വഹിക്കുന്നതാണ്.

ഒപ്പ്
ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ